LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

94 (103) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷം മുതൽ ന്യൂനപക്ഷ ക്ഷേമത്തിനായി ഏതെല്ലാം കേന്ദ്രപദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; അതിനായി ഓരോ വർഷവും എത്ര തുക ലഭിച്ചുവെന്നും, എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ചെലവഴിക്കാതെ ബാക്കിയായ തുക എത്രയാണെന്ന് അറിയിക്കുമോ; പ്രസ്തുത തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന ഏക കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മൾട്ടി സെക്ടൽ ഡെവലപ്മെന്റ് പ്രോഗ്രാം. 2018-19 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം എന്ന പേരിൽ നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ നൈപുണി വികസന മേഖലകൾക്കാണ് പദ്ധതി പ്രാധാന്യം നൽകുന്നത്. പ്രസ്തുത പദ്ധതിയിൽ 2011-12 വർഷം മുതൽ ഓരോ വർഷവും ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം കേന്ദ്ര പദ്ധതികളിൽ തുക നേടിയെടുക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞില്ലായെന്നും അതിന് കഴിയാത്തത് എന്തുകൊണ്ടാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

അംഗീകരിച്ച പദ്ധതികൾക്കെല്ലാംതന്നെ തുക അനുവദിച്ചിട്ടുണ്ട്.

റീ-ബിൽഡ് കേരള പദ്ധതി

95 (104) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

റീ-ബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീ-ബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, ഫിഷറീസ്, ഗതാഗതം, ജലവിഭവം, പരിസ്ഥിതി, മൃഗസംരക്ഷണം, കൃഷി, റവന്യൂ, വിവര സാങ്കേതികം, ഊർജ്ജം, വനിത-ശിശു വികസനം, വനം-വന്യജീവി തുടങ്ങിയ വകുപ്പുകളുടേതായി 7405 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വിവിധ നിർവ്വഹണ ഘട്ടങ്ങളിലാണ്. അംഗീകരിക്കപ്പെട്ട പദ്ധതികളിൽ ആലത്തൂർ മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളും അതിന്റെ വിശദാംശവും ചുവടെ ചേർക്കുന്നു:

പദ്ധതികൾ:

1. വില്ലേജ് ഓഫീസുകളുടെ പുനരുദ്ധാരണം വില്ലേജ് ഓഫീസുകളുടെയും റവന്യൂ കെട്ടിടങ്ങളുടെയും പുതുക്കിപ്പണി/പുനരുദ്ധാരണം പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി, തേങ്കുറിശ്ശി, മംഗളം ഡാം, കുഴൽമന്ദം, മേലാർകോഡ്, എരുമയൂർ തുടങ്ങിയ സ്ഥലങ്ങളിൽ 3.16 കോടി ചെലവിൽ 6 വില്ലേജ് ഓഫീസുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിന് KESNIK-മായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

2. ഡാമുകൾ, റെഗുലേറ്റർ, കനാൽ, മറ്റ് ജലസേചന സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി-ഏകദേശം 69 ലക്ഷത്തോളം രൂപ ചെലവഴിച്ചു. കുനിശ്ശേരി കനാൽ മംഗളം പദ്ധതിയിലെ കരുമനശ്ശേരി സ്പെച്ച്, ചെറമംഗലം സ്കീമിൽ പ്രധാന കനാൽ എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

3. സംയോജിത കൃഷിയിലൂടെ ജീവനോപാധി 86-ഓളം സംയോജിത കൃഷി യൂണിറ്റുകൾ ഏകദേശം 56 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി പുരോഗമിക്കുന്നു.

4. ജീവനോപാധി പാക്കേജുകൾ-മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കന്നുകാലി പരിപാലനം, കിടാരി പരിപാലനം, കാലിത്തീറ്റ സബ്സിഡി പദ്ധതി, കാലിത്തൊഴുത്തുകളുടെ സംരക്ഷണം തുടങ്ങിയവയ്ക്കായി 21 ലക്ഷം രൂപയുടെ പാക്കേജ്.

5. സ്വയംതൊഴിലിനും നൈപുണ്യ വികസനത്തിനുമുള്ള കുടുംബശ്രീ പദ്ധതികൾ - ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, മേസൺറി, Laundry തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസനത്തിനുവേണ്ടി 46 ലക്ഷം രൂപയുടെ പദ്ധതി.

6. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾക്കുവേണ്ടി കുടുംബശ്രീ വഴി കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് മൈക്രോഫിനാൻസ് യൂണിറ്റുകൾക്ക് ലോൺ നൽകുന്നതിന് 3 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് 15 ലക്ഷത്തോളം രൂപ നൽകിയിട്ടുണ്ട്.

ഭക്ഷ്യ കിറ്റ്

96 (106) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് ലോക്ഡൗൺ കാരണം സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യ കിറ്റ് സ്കൂളുകളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യാതെ സ്കൂളുകളിൽ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലില്ല. ഭക്ഷ്യ കിറ്റുകൾ തയ്യാറാക്കി വിതരണത്തിനായി സ്കൂളുകളിൽ എത്തിക്കുന്നത് സപ്ലൈകോയാണ്. ഭക്ഷ്യ കിറ്റുകൾ സ്കൂളുകളിൽ എത്തിക്കുന്ന മുറയ്ക്കുതന്നെ സ്കൂൾ പി.ടി.എ.-കളുടെയും മറ്റും സഹായത്തോടെ അവ രക്ഷിതാക്കൾക്ക് വിതരണം ചെയ്യുവരുന്നുണ്ട്. എല്ലാവിധ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങളും കോവിഡ് പ്രോട്ടോക്കോളും കർശനമായി പാലിച്ചുകൊണ്ടാണ് ഭക്ഷ്യ കിറ്റ് വിതരണം നടത്തുന്നത്. ട്രിപ്പിൾ ലോക്ഡൗൺ നിലവിലുണ്ടായിരുന്ന ജില്ലകളിലും കോവിഡ്-19 രോഗപ്രതിരോധ നടപടികളുടെ ഭാഗമായി നിയന്ത്രിത മേഖലകളായി (ഹോട്ട്സ്പോട്ടുകൾ, കണ്ടൈൻമെന്റ് സോണുകൾ) പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിലും ഭക്ഷ്യ കിറ്റ് വിതരണത്തിൽ ചില തടസ്സങ്ങൾ നേരിട്ടിരുന്നു. ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ നേരിട്ടുചെന്ന് ഭക്ഷ്യ കിറ്റുകൾ കൈപ്പറ്റാൻ സാധിക്കാത്ത രക്ഷിതാക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ വാർഡുതല റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ സഹായത്തോടെ കിറ്റുകൾ വീടുകളിൽ എത്തിച്ചുനൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly